18

വടക്കൻ ഭദ്രാസനങ്ങൾ 1958-നു ശേഷം

ദൈവപുത്രൻ ജനിച്ചത് അങ്ങ് അകലെയാണ്; അതാണു ശീമ. അറിവുള്ളവർ അതിന് അന്ത്യോഖ്യയെന്നും പറയും. അതുകൊണ്ടല്ലേ അവിടത്തെ ആളുകളെ ആദ്യമായി ക്രിസ്ത്യാനികളെന്നു വിളിക്കുവാനിടയായത്. അവിടെയുള്ളവർ മുഴുവനും ക്രിസ്തുവിന്റെ കുടുംബക്കാരാണ്. പാത്രിയർക്കീസു ബാവാമാർ ആ കുടുംബത്തിൽപെട്ടവരാണ്. പാത്രിയർക്കീസു ബാവായും ആകാശത്തിലുള്ള ബാവായും അപ്പനും ഉപ്പാപ്പനും പോലെയാണ്. അതുകൊണ്ടാണു പൗരോഹിത്യത്തിന്റെ നീരുറവ ആ വഴിക്കു മാത്രം ഒഴുകുന്നത്. അതാണു കൈവെപ്പ് എന്നു പറയുന്നത്. ഇതു മറ്റാർക്കുമില്ല. ക്രിസ്ത്യാനികൾ എന്നു പറയുന്നവർ ലോകത്തിൽ പല സ്ഥലത്തുണ്ടെങ്കിലും അവരാരും തന്നെ ക്രിസ്തുവിന്റെ ആളുകളല്ല. എല്ലാ സ്ഥലങ്ങളിലുമുള്ള ക്രിസ്ത്യാനികളുടെ ഏക തലവനാണ് ദൈവത്തിന്റെ നാട്ടിലുള്ള – ദൈവത്തിന്റെ ഏക അവകാശിയായ പാത്രിയർക്കീസു ബാവാ. ബാവായുടെ അടുത്താണു പറുദീസായെന്നു പറയുന്നത്. ആ തോട്ടം ഇപ്പോഴുമുണ്ടവിടെ. അവിടെ ബാവാമാർ വേറെയുമുണ്ട്. ആ ബാവാമാരിൽ ഒരാളെയെങ്കിലും കണ്ണിനു നേരെ കാണാൻ സാധിച്ചെങ്കിൽ...!

വടക്കൻ ഭദ്രാസനങ്ങളിലെ ഏറെ കുട്ടികളിൽ ഒരു കാലത്ത് ഊറികൂടിയിരുന്ന അറിവും അഭിലാഷവുമാണിത്.

ഈ ചിന്താഗതി പരിപോഷിപ്പിക്കുന്ന ചുറ്റുപാടിലാണു അവർ വളർന്നതും അവരെ വളർത്തിയതും.

സഭാസ്ഥാപകൻ തോമാശ്ലീഹായാണ്. അതു കേട്ടിട്ടുണ്ട്. എന്നാൽ സഭ പാത്രിയർക്കീസിന്റേതാണ്. പാത്രിയർക്കീസിനുള്ളതുപോലെ ദൈവവുമായിട്ടുള്ള കുടുംബബന്ധവും അതിൽ നിന്നുളവാകുന്ന ഉടമസ്ഥാവകാശവും തോമാ ശ്ലീഹായ്ക്കില്ല. അദ്ദേഹം ഇതിലെ വന്നതായ സുവിശേഷകനാണ്. പാത്രിയർക്കീസാണു പരമാധികാരി. സഭയെ നിലനിർത്തുന്ന പൗരോഹിത്യം പാത്രിയർക്കീസിന്റേതാണ്. അദ്ദേഹം അത് അകലെ നിന്നു വലിച്ചാൽ നീങ്ങിപ്പോകും. പിന്നെ അവശേഷിക്കുന്നതു വേഷം മാത്രം. അങ്ങനെയുള്ള വേഷധാരികളാണു കാതോലിക്കാ കക്ഷിക്കാർ. അവരെ കണ്ടുപോയാൽ കണ്ണു കഴുകണം. അവരുടെ കൂടെ കൂദാ

ശകളിൽ സംബന്ധിച്ചാൽ കുമ്പസാരത്തിൽ ഏറ്റുപറയണം. ആത്മാവിൽ കൊതിയുള്ളവർ സൂക്ഷിക്കണം.

ഇതായിരുന്നു അന്നത്തെ താക്കീത് (ഇന്നും).

ഞങ്ങളുടെ ആളുകൾ പാഷണ്ഡതയിൽപെട്ടു നശിച്ചുപോകാതിരിപ്പാൻ പലതുകൊണ്ടും ഞങ്ങൾ അവരെ മറച്ചു പിടിച്ചു സംരക്ഷിച്ചുകൊണ്ടിരുന്നു.

ഇങ്ങനെ പലതിന്റെയും മറയിൽ കഴിഞ്ഞു കൂടിക്കൊണ്ടിരിക്കുമ്പോഴാണ് 1958 സെപ്റ്റംബർ 12-ാം തീയതി സുപ്രീംകോടതിയിൽ ചീഫ് ജസ്റ്റീസ് എസ്. ആർ. ദാസും, ജസ്റ്റീസ് ഭഗവതിയും മറ്റു മൂന്നു പേരും കൂടി കേസിന്റെ വിധി പ്രസ്താവിച്ചത്. കാതോലിക്കാ വിഭാഗത്തിന്റെ വാദഗതി ന്യായമായിട്ടുള്ളതാണ്. അതു സത്യവുമാണ്. ഒരു ഇടിവെട്ടേൽക്കുന്ന പ്രതീതിയാണ് പാത്രിയർക്കീസ് പക്ഷത്തിനുണ്ടായത്. എന്നാലും തകരാൻ നോക്കിനിന്നില്ല. കൊടുത്തു റിവ്യൂ ഹർജി. അവിടെത്തന്നെ. വാദം കേട്ട് അഞ്ചു ജഡ്ജിമാർ ഉൾപ്പെട്ട കോൺസ്റ്റിറ്റ്യൂഷൻ ബഞ്ച്, ഹർജി ചെലവു സഹിതം തള്ളിക്കൊണ്ട് ഒക്ടോബർ 28-നു (1958) വീണ്ടും വിധിയെഴുതി.

തോറ്റെങ്കിലും പിരിമുറുകുന്നു: പരാജയം ഞങ്ങൾക്കു പുത്തരിയല്ല. ലോകകോടതിയുടെ വിധി ലൗകികമാണ്. അതെപ്പോഴും ദൈവികത്വത്തിന് എതിരായിരിക്കും. ഞങ്ങൾ സമാധാനം കണ്ടെത്തി.

എന്തു വില കൊടുത്തും വിശ്വാസം കാക്കുവാൻ തന്നെ നിശ്ചയിച്ചു. വെറും വേഷധാരികളിൽ നിന്നു രക്ഷിക്കപ്പെടുവാൻ പ്രാർത്ഥിച്ചു. പള്ളികൾ പോകുമെങ്കിൽ പോകട്ടെ. കായൽ നിലങ്ങൾ കളഞ്ഞേക്കാം. തെങ്ങിൻതോപ്പു മറന്നേക്കാം. എന്നാലും നല്ല പോർ പൊരുതണം. വിശ്വാസം കാക്കണം. ഓട്ടം തികക്കണം.

പ്രതിജ്ഞയെടുത്തു. പാത്രിയർക്കീസ് പക്ഷത്തെ തിരുമേനിമാരെല്ലാവരും കൂടി ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ ഒരു വലിയ പള്ളി പ്രതിപുരുഷയോഗം വിളിച്ചുകൂട്ടി. ആഘാതമേറ്റവരെ ചുവടുറപ്പിച്ചു നിറുത്തുവാനുള്ള ആവേശം. തളർന്നവനെ തകർച്ച കാണിക്കാത്തവൻ താങ്ങി. നേതാക്കന്മാർ ഉത്സാഹത്തോടെ പ്രബോധിപ്പിച്ചു. കേസു തോറ്റാലും കൈവശം പോകുകയില്ല. നമ്മൾ കൂടും പള്ളികളെല്ലാം നമ്മൾക്കു തന്നെ. പട്ടമില്ലാത്തവരുടെ കൂടെ കൂട്ടുകൂടരുത്. പള്ളികളിൽ നിന്നൊക്കെ പാത്രിയർക്കീസിനോടു വിധേയത്വം കാണിച്ചു കമ്പി അടിക്കണം. എന്തു വന്നാലും നമ്മൾ ഈ നില തുടരും. അതിനനുസരണമായ പ്രമേയം പാസ്സാക്കണം. പ്രമേയം അവതരിപ്പിക്കുവാൻ അതു പല

രുടെ കൈയിലേക്കും മാറിമാറി പോയെങ്കിലും പലരും അതിനു മടിച്ച തായും അവസാനം ആ പ്രമേയം ഇരുന്ന പായുടെ താഴേയ്ക്ക് ആരോ വച്ചതായുമാണ് സമ്മേളനത്തിൽ സംബന്ധിച്ച ചിലരുടെ മങ്ങിയ ഓർമ്മ യിൽ ഇന്നും തങ്ങിനിൽക്കുന്നത്. എന്നാലും ഉറച്ചു നിൽക്കുവാനുള്ള ഉറച്ച തീരുമാനത്തോടെ പ്രതിനിധികൾ പുറത്തിറങ്ങി. കാതോലിക്കാ കക്ഷി ശിരസ്സുപോയ ഉടലാണെന്നും അവരുമായി വേഴ്ച പാടില്ലെന്നും കൽപനയും പുറത്തിറക്കി. അവസാനംവരെ സഹിച്ചു നിൽക്കുന്നവർ രക്ഷിക്കപ്പെടും. വേദവാക്യത്തിൽ ആശ്വാസം കണ്ടെത്തി.

സമാധാനം വരുന്നു: അപ്പോൾ അതാ വരുന്നു പത്രവാർത്ത. സഭ യിൽ സമാധാനം. പരസ്പര സ്വീകരണം. പാത്രിയർക്കീസു പാത്രിയർക്കീ സായും കാതോലിക്കാ, കാതോലിക്കാ മാത്രമായിട്ടല്ല, മലങ്കര മെത്രാ പ്പോലീത്തായായിട്ടും - അവരവർ അലങ്കരിച്ചിരുന്ന അതേ സ്ഥാനബ ഹുമാനാദികളോടെ മലങ്കരസഭയുടെ ഭരണഘടനയ്ക്കു വിധേയമായി പരസ്പരം സ്വീകരിക്കുവാൻ പ്രസാദിച്ചിരിക്കുന്നു.

കാതോലിക്കായുടെ പട്ടത്വത്തിൽ ന്യൂനതയില്ലെന്നോ? വാർത്തകൾ വിശ്വസിക്കുവാൻ മടിച്ചവർ നേതൃത്വവുമായി ബന്ധം പുലർത്തി. സ്ഥിരീ കരണം വന്നു. ഇനി നമ്മൾ ഒന്നാണ്.

സമാധാനം - ഒരു തരം കൈയ്ക്കുന്ന മധുരം. തുപ്പണോ? ഇറക്കണോ? നേതാക്കന്മാർ ഇറക്കുന്നു. അനുയായികൾ എങ്ങനെ തുപ്പും? ആവശ്യ മില്ലെങ്കിലും അതു പിന്നെയും തേട്ടിവരുന്നു. അപ്പോൾ പട്ടത്വമോ?

ഒരാൾ ആശ്വസിപ്പിച്ചു. സഹോദരന്മാർ തമ്മിൽ വഴക്കിടുമ്പോൾ ഒരാൾ മറ്റെയാളെ കള്ളായെന്നും കാലായെന്നുമൊക്കെ വിളിക്കും. തിരിച്ചു അങ്ങോട്ടു മറ്റവനെ തല്ലുമെന്നും കൊല്ലുമെന്നുമൊക്കെ പറയും. വഴക്കു തീരുമ്പോൾ അവർ ഒരുമിച്ചിരുന്നു ഉണ്ണും, ഒപ്പം നടക്കും.

ശരിയല്ലേ? നേരത്തെ അവരുടെ പങ്കുചേർന്നു പറഞ്ഞവർ വിഡ്ഢി കളുമാകും.

കോട്ടയം പഴയസെമിനാരി ചാപ്പലിലെ മദ്ബഹായിൽ കത്തിജ്വലി ക്കുന്ന മെഴുകുതിരിയുടെ പ്രകാശത്തിൽ പ. പാത്രിയർക്കീസു ബാവാ യുടെ പ്രതിനിധി അഭിവന്ദ്യ ഏലിയാസ് മാർ യൂലിയോസും പ. കാതോ ലിക്കാ ബാവായും തമ്മിൽ സ്വീകരണ പ്രമാണം കൈമാറി. ചരിത്രം കുറിച്ച സുദിനം.

സമാധാനം വന്നതു നന്നായി. പക്ഷെ അതെങ്ങനെ വന്നു? ഇപ്പോൾ ആരെന്തു പറഞ്ഞാലും അന്നു പ. പാത്രിയർക്കീസു ബാവാ അരമനസ്സു വച്ചിരുന്നെങ്കിൽ പരസ്പര സ്വീകരണം ഈ രീതിയിൽ നടക്കുമായിരു

ന്നോയെന്നു സംശയിക്കണം. അതുകൊണ്ട് അതറിയുവാൻ ആളുകൾ കുത്തികുത്തി ഓരോന്നു ചോദിച്ചു. 'അപ്പം തിന്നാൽ പോരെ, കുഴിയെ ണ്ണണോ'യെന്നു മറുചോദ്യം ചോദിച്ചു ചെറുപ്പക്കാരെ പറഞ്ഞയച്ചു. അതു ശരിയുമായിരുന്നു. 'സന്മനസ്സ്' കാണിച്ചതായി ആളുകളുടെ ഇടയിൽ പ്രച രിപ്പിക്കുകയും ചെയ്തു. ആര് എന്നുള്ളതിനു ഉത്തരം ആവശ്യക്കാരന്റെ സൗകര്യംപോലെ കണ്ടുപിടിച്ചുകൊള്ളട്ടെ.

പാത്രിയർക്കീസ് പക്ഷത്തെ നേതൃത്വം ഏറെ ദിവസങ്ങൾ കഴിഞ്ഞ പ്പോൾ കുറേശ്ശെ ആ കാര്യം പുറത്തുവിട്ടു. തിരുമേനിമാരെല്ലാം സമാ ധാനമാകേണ്ടത് അത്യാവശ്യമാണെന്നു പാത്രിയർക്കീസ് ബാവായ്ക്കെ ഴുതി. വ്യവസ്ഥകൾ വച്ചു കുഴപ്പിക്കരുതെന്നു സൂചനയും കൊടുത്തു. മറ്റൊന്നും പറയരുതെന്നും അപേക്ഷാരൂപത്തിലാണെങ്കിലും തീർത്തങ്ങു പറഞ്ഞു. അങ്ങനെ വള്ളം മുങ്ങാറായപ്പോൾ 'സന്മനസ്സും' വന്നെത്തി. കേസിന്റെ അന്ത്യവിധി വന്നപ്പോൾ കാതോലിക്കാബാവാ പുറപ്പെടുവിച്ച കൽപനയിൽ തോറ്റവരെ തന്നിലേക്കു സ്വാഗതം ചെയ്യുന്ന സുഗന്ധം പൂശിയിരുന്നു, നോക്കൂ.

'നമ്മുടെ എല്ലാ പള്ളികളിലും ഈ മാസം (സെപ്തംബർ) 15-ാം തീയതി തിങ്കളാഴ്ച സ്തോത്രബലി അർപ്പിക്കണം. സ്ത്രീപുരുഷന്മാർ ആബാലവൃന്ദം പള്ളിയിൽ കൂടി ദൈവത്തെ മഹത്വപ്പെടുത്തുകയും വി. കുർബാനയിൽ സംബന്ധിക്കുകയും ചെയ്യണം. ബാഹ്യമായ യാതൊരു ആഹ്ലാദവും നടത്തി നമ്മുടെ സഹോദരങ്ങളുടെ വികാരങ്ങളെ ഒരു വിധ ത്തിലും ക്ഷതപ്പെടുത്തരുത്. മുമ്പെന്നപോലെ ഇനിയും നാം ഒന്നായി കഴിഞ്ഞു കൂടുന്നതാണ് നമുക്കു ബലവും നേട്ടവും.'

ഈ സൗഹൃദം സമാധാനാലോചനയ്ക്കു പ്രോത്സാഹനമേകി. ആലോ ചന തുടങ്ങി അധികമാളുകൾ അതിൽ തലയിടാഞ്ഞതു കൊണ്ടു പതി വിന് എതിരായി അതു പുരോഗമിച്ചു. വിധിയിൽ പറഞ്ഞിരിക്കുന്ന ഭീമ മായ കോടതിച്ചെലവും ചർച്ചാവിഷയമായി. ക്രിസ്തീയ ഔദാര്യം നിറഞ്ഞ വാക്കുകൾ വന്നെത്തി. യോജിച്ചു കഴിഞ്ഞാൽ സഭ ഒന്നാണ്, അതിൽ നിങ്ങളും ഞങ്ങളുമില്ല, നമ്മൾ മാത്രം. നിങ്ങൾ ഞങ്ങൾക്കു തരുന്നു. ഞങ്ങൾക്കുള്ളതു നിങ്ങളുടേതും - ആര് ആർക്ക് കൊടുക്കു വാനാണ്? എന്തിനു വിഷമിക്കണം.

സഹോദരന്മാർ വല്ലപ്പോഴുമെങ്കിലും ഇങ്ങനെ ചിന്തിക്കുന്നത് എത്രയോ സ്വർഗീയമാണ്.

ആഹ്ലാദത്തിന്റെ ഓളംതള്ളൽ: പിണങ്ങിപ്പിരിഞ്ഞവർ ഇണങ്ങിച്ചേ രുമ്പോൾ കാണിക്കുന്ന സ്നേഹപ്രകടനങ്ങൾക്കു വല്ല അറുതിയു

മുണ്ടോ? കത്തിക്കുത്തും കാപ്പിവടി കൊണ്ട് അടിയും വരെ നടന്ന സ്ഥലങ്ങളിൽ അവയുടെ പങ്കാളികളും എതിരാളികളും തമ്മിൽ ആലിംഗനവും വന്ദനവും. പിറവംപുഴയും മൂവാറ്റുപുഴയും അതു കണ്ടു തരിച്ചു നിന്നു കാണും. മല്ലപ്പള്ളി തിരുമേനിയെ പാട്ടകൊട്ടി ഇറക്കിവിട്ട കടമറ്റം, കല്ലാശ്ശേരി ബാവായെ വാദ്യമേളങ്ങളോടെ സ്വീകരിച്ചു കയറ്റുന്നു. പത്തു വർഷം മുമ്പു പ്രളയിക്കാട് ഒരു യോഗത്തിന് അതിലൂടെ കടന്നുപോയപ്പോൾ കറുത്ത കൊടിനിരത്തി അപമാനിച്ച കുറുപ്പംപടി, വെള്ള വിരിച്ചു സ്വീകരിക്കുന്നു. സ്വന്തം മാതാപിതാക്കളുടെ കുഴിമാടത്തിൽ പ്രാർത്ഥിക്കുവാൻ വന്ന മൂക്കഞ്ചേരിൽ തിരുമേനിയെ മേലിൽ ശവക്കോട്ടയിൽ പോലും കടന്നുപോകരുതെന്നു ശാസിച്ചയച്ച സ്വന്തം ഇടവകയായ തൃപ്പൂണിത്തുറ നടമേൽ പള്ളി അദ്ദേഹത്തെ മദ്ബഹായിൽ സിംഹാസനത്തിൽ ഇരുത്തി ആദരിക്കുന്നു. ആഹ്ലാദത്തിന്റെ ഓളംതള്ളൽ! ആലുവായിലെ മാർ ഗ്രീഗോറിയോസ് തിരുമേനി ദേവലോകത്തു വി. കുർബ്ബാന അർപ്പിക്കുന്നു. പിറമാടത്തെ പീലക്സിനോസ് തിരുമേനി കോട്ടയത്തെ ഏലിയാ കത്തീഡ്രൽ പെരുന്നാളിലെ പ്രധാന കാർമികത്വം വഹിക്കുന്നു.

വീണ്ടും ഭരണമേൽക്കുന്നു: സുപ്രീംകോടതിയുടെ വിധിയുടെ വെളിച്ചത്തിൽ, പാത്രിയർക്കീസ് പക്ഷത്തെ ഭരണകർത്താക്കളായിരുന്ന ഇടവക മെത്രാപ്പോലീത്താമാർ ആ സ്ഥാനത്തിന് അർഹരല്ലെന്നും അവരുടെ തെരഞ്ഞെടുപ്പിനു നിയമപ്രാബല്യമില്ലെന്നും വന്നുകൂടി. അതുകൊണ്ട് ആ പക്ഷത്തുണ്ടായിരുന്ന തിരുമേനിമാരൊക്കെയും മലങ്കര മെത്രാപ്പോലീത്തായും കൂടിയായ കാതോലിക്കായ്ക്ക് ഉടമ്പടി എഴുതി കൊടുത്തു വീണ്ടും ഭരണാധികാരം പ്രാപിക്കുകയാണുണ്ടായത്.

വടക്കൻ ഭദ്രാസനങ്ങളും ഭരണഘടനയും: സഭാ ഭരണഘടനയുടെ അടിസ്ഥാനത്തിലാണു കാതോലിക്കാ വിഭാഗം പാത്രിയർക്കീസ് പക്ഷത്തെ സ്വീകരിച്ചത്. അതുകൊണ്ടു പിന്നീടുള്ള ഭരണസംവിധാനത്തിൽ അത്രയും പ്രധാനപ്പെട്ട മറ്റൊരു മാർഗരേഖയുണ്ടെന്നു തോന്നുന്നില്ല. പരസ്പര സ്വീകരണം കഴിഞ്ഞശേഷം ഭരണഘടനയുടെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ടു പള്ളിക്കാര്യങ്ങൾ അതനുസരിച്ചു നടത്തിക്കൊള്ളണമെന്നും നിർദ്ദേശിച്ചു കൊണ്ടു വടക്കൻ ഭദ്രാസനങ്ങളിലെ മെത്രാപ്പോലീത്താമാർ തങ്ങളുടെ കീഴിലുള്ള പള്ളികൾക്കു കൽപന അയയ്ക്കുകയുണ്ടായി.

കൽപനകൾ

അങ്കമാലി ഭദ്രാസനാധിപൻ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ കൽപന

പ്രിയരേ,

നമ്മുടെ പള്ളികളിൽ ഇപ്പോൾ നടപ്പിലിരിക്കുന്ന ഭരണരീതിക്ക് ഒരൈകരൂപ്യം വരുത്തേണ്ടതാവശ്യമാണെന്നു സഭയുടെ പുരോഗതിയെപ്പറ്റി താൽപര്യമായി ചിന്തിക്കുന്ന ഏവരും സമ്മതിക്കുന്ന കാര്യമാണ്. ദൈവകൃപയാൽ സഭയിൽ സമാധാനം കൈവന്നിരിക്കുന്നതു കൊണ്ടു സഭയുടെ ഏകീകരണത്തിനും അഭിവൃദ്ധിക്കും അത് ആവശ്യമാണെന്നുള്ളതുകൊണ്ടു കേന്ദ്രത്തിൽ നിന്നു നമുക്ക് അയച്ചുകിട്ടിയിട്ടുള്ള ഭരണഘടന നടപ്പിൽ വരുത്തുവാനായി അതിന്റെ ഒരു പ്രതി ഇതു സഹിതം അയയ്ക്കുന്നു. ആ പള്ളിയിലെ തെരഞ്ഞെടുപ്പ് ഇതനുസരിച്ചു നടത്തേണ്ടതാകുന്നു. അടുത്ത തെരഞ്ഞെടുപ്പിന് ഒരു വർഷത്തിലധികം താമസമുള്ളപക്ഷം ഒരു വർഷത്തിനുള്ളിൽ, ഏറ്റവും അനുയോജ്യമായ സന്ദർഭത്തിൽ തന്നെ, ഇതനുസരിച്ചുള്ള തെരഞ്ഞെടുപ്പു നടത്തേണ്ടതാണ്. ഒരു കൊല്ലത്തിനുശേഷം നമ്മുടെ എല്ലാ പള്ളികളിലും അംഗീകൃത ഭരണഘടനയായി ഇതു മാത്രമെ സ്വീകരിക്കപ്പെടുകയുള്ളു.

ഭരണഘടന നടപ്പിൽ വരുത്തുമ്പോൾ പള്ളിയുടെ പ്രത്യേക സ്വഭാവം കൊണ്ട് ഏതെങ്കിലും പ്രയാസം അനുഭവപ്പെട്ടു കണ്ടാൽ അവ നമ്മുടെ ശ്രദ്ധയിൽപ്പെടുത്തണം. അങ്ങനെയുള്ള പ്രയാസങ്ങൾക്കു നിയമാനുസരണമായ പ്രതിവിധിയുണ്ടാക്കാൻ നാം ശ്രമിക്കുന്നതായിരിക്കും. ഏതൊരു വ്യതിയാനവും പ്രാരംഭത്തിൽ പ്രയാസമെന്നു തോന്നാമെങ്കിലും ശുഭാപ്തി വിശ്വാസത്തോടെ കൈകാര്യം ചെയ്യുമ്പോൾ നന്മയ്ക്കായി പരിണമിക്കുന്നതാണ്.

കൊച്ചി ഭദ്രാസനാധിപനായിരുന്ന പൗലൂസ് മാർ സേവേറിയോസ് തിരുമേനിയുടെ കൽപന

നമ്പർ 11.

ഇതേവരെ നമ്മുടെ സഭയ്ക്കു ക്രമീകൃതമായ ഒരു ഭരണഘടന സാർവത്രികമായി നടപ്പിലില്ലായിരുന്നു. സമാധാനം കൈവന്ന ഈ ഘട്ടത്തിൽ നമ്മുടെ സഭയ്ക്കു സുചിന്തിതമായി നിർമിക്കപ്പെട്ട ഒരു ഭരണഘടന ലഭിച്ചിരിക്കുന്നു. അതിന്റെ ഒരു പ്രതി ആ പള്ളിവികാരിക്കു നാം അയച്ചു കൊടുക്കുന്നുണ്ട്. വികാരി അതിലെ വിവരങ്ങൾ ജനങ്ങളെ ഗ്രഹിപ്പിക്കണം. ആവശ്യക്കാർക്ക് അതിന്റെ പ്രതികൾ കോട്ടയത്തുള്ള കാതോ

ലിക്കാ ഓഫീസിൽ നിന്നു ലഭിക്കുന്നതാണ്. ഇടവകപ്പള്ളികളെപ്പറ്റിയുള്ള അതിലെ രണ്ടാം അദ്ധ്യായം ഓരോ ഇടവകാംഗവും പഠിച്ചിരിക്കണം. ആ ഭാഗം അച്ചടിച്ചു ജനങ്ങൾക്കു വിതരണം ചെയ്യുന്നത് ഉചിതമായിരിക്കും. മേലിൽ പള്ളികളുടെ ഭരണം സംബന്ധിച്ച് അതിലുള്ള വ്യവസ്ഥകൾ എല്ലായിടത്തും പാലിക്കപ്പെടണം. അതിലെ നിബന്ധനകൾക്കു വിരുദ്ധമായിട്ടുള്ള യാതൊരു നടപ്പുകളോ, കീഴ്‌വഴക്കങ്ങളോ തുടർന്നു കൊണ്ടിരിപ്പാൻ പാടില്ല. ഭരണഘടന അനുസരിച്ചു നമ്മുടെ കൊച്ചി ഭദ്രാസന പൊതുയോഗം അടുത്ത സൗകര്യത്തിൽ കൂടി ആവശ്യമായ തീർപ്പുകളും കൗൺസിൽ തെരഞ്ഞെടുപ്പും നടത്തുന്നതാണ്.

1959 മാർച്ച് 3-ാം തീയതി
കരിങ്ങാച്ചിറ പള്ളിയിൽനിന്ന്.

വൈദിക യോഗാഭിപ്രായം അറിയിച്ചുകൊണ്ടുള്ള കൽപന

നമ്പർ 24.

നമ്മുടെ ഇടവകപള്ളികൾ മേലിൽ ഭരണഘടനയനുസരിച്ചു മാത്രം ഭരിക്കപ്പെടണമെന്നും അതിനു വിരുദ്ധമായിട്ടുള്ള യാതൊരു കീഴ്‌വഴക്കങ്ങളും തുടർന്നുപോകാൻ പാടില്ലെന്നും ഭരണം സംബന്ധിച്ച് എല്ലാ പള്ളികളിലും ഐകരൂപ്യം വരുത്തണമെന്നും പള്ളികളിലെ അടുത്ത ചുമതലക്കാരെ തെരഞ്ഞെടുക്കുന്നതു ഭരണഘടനയിലെ വ്യവസ്ഥപ്രകാരം മാത്രം ആയിരിപ്പാൻ നമ്മുടെ വൈദികരും പ്രത്യേകം ശ്രദ്ധിക്കണമെന്നും വൈദികയോഗം ഏകകണ്ഠമായി അഭിപ്രായപ്പെട്ടിരിക്കുന്നു. ഭരണഘടന നടപ്പിലാക്കണമെന്നു കാണിച്ചു നാം ഇതിനു മുമ്പു തന്നെ കൽപന അയച്ചിട്ടുള്ളതു നിങ്ങൾക്കറിയാമല്ലോ.

1959 ഏപ്രിൽ 27
കൊരട്ടി സീയോൻ സെമിനാരിയിൽ നിന്ന്.

മൂവാറ്റുപുഴ ബിഷപ്സ് ഹൗസിൽനിന്നു കണ്ടനാട്ടു ഭദ്രാസന മെത്രാപ്പോലീത്താ നമ്പർ 201/73 ആയി 23-11-1973-ൽ അയച്ച കൽപന ചുവടെ ചേർക്കുന്നു.

നമ്മുടെ പിറവം വലിയപള്ളി വികാരിക്കു കർത്താവിൽ വാഴ്‌വ്. പ്രിയനെ! സസ്നേഹം അറിയിക്കുന്നത്:-

ആ പള്ളിയിലെ ഭരണസമിതിയുടെ കാലാവധി പണ്ടേതന്നെ അവസാനിച്ചിരുന്നതാണല്ലോ. പുതിയ തെരഞ്ഞെടുപ്പു നടത്തുന്നതു സംബന്ധിച്ച് ഇലക്ഷൻ റൂൾസ് ഉണ്ടാക്കുന്നതിന് പുതിയ ഒരു സബ് കമ്മിറ്റിയെ നിശ്ചയിച്ചിരുന്നു. അവരുടെ പ്രവർത്തനം എന്തുമാത്രം ആയെന്ന്

അറിയുന്നില്ല. ഇലക്ഷൻ റൂൾസ് രണ്ടാഴ്ചയ്ക്കകം ക്രമപ്പെടുത്തി നമ്മുടെ പരിശോധനയ്ക്കു ലഭിക്കത്തക്കവിധം ആ സബ് കമ്മിറ്റിയെ ഉടനെതന്നെ വിളിച്ചുകൂട്ടി നടപടി ഉണ്ടാക്കണമെന്ന് അറിയിക്കുന്നു. കൂടാതെ പുതിയ തെരഞ്ഞെടുപ്പു നടത്തുന്നതിന് ആവശ്യമായിരിക്കുന്ന റിക്കാർട്ടുകൾ ഈ മാസം തന്നെ ക്രമപ്പെടുത്തുകയും ചെയ്യണം. വോട്ടേഴ്സ് ലിസ്റ്റ് അന്യൂനമായിരിക്കണമല്ലോ. ഇവയെല്ലാം ക്രമപ്പെടുത്തി എത്രയുംവേഗം വിവരം നമ്മെ അറിയിക്കണം. പള്ളിയിലെ ഇടവക രജിസ്റ്റർ അപ് റ്റു ഡേറ്റ് ആയി സൂക്ഷിക്കുന്നുണ്ടായിരിക്കുമല്ലോ. കുമ്പസാര രജിസ്റ്ററും അതുപോലെതന്നെ ശരിപ്പെടുത്തി വയ്ക്കണം. ഭരണഘടനയിൽ അനുശാസിച്ചിരിക്കുന്നവിധം ഒരു തെരഞ്ഞെടുപ്പിനുള്ള എല്ലാ ക്രമീകരണങ്ങളും ഈ മാസം അവസാനിക്കുന്നതിനു മുമ്പായിട്ടുതന്നെ അവിടെ ശരിപ്പെടുത്തുന്ന സംഗതിയിൽ പ്രത്യേകം ശ്രദ്ധിച്ചുകൊള്ളണം. 1972-ലെ വരവു-ചെലവു കണക്കുകളുടെ തെരട്ട് ഇനിയും താമസിപ്പിക്കാതെ അയച്ചുതരണമെന്ന് ഓർപ്പിക്കുന്നു. ഒരു കല്യാണക്കേസ് സംബന്ധിച്ചു നാം നിങ്ങളുടെ പേർക്ക് എഴുതിയിരുന്നുവല്ലോ. ആ കാര്യത്തിലും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. മെത്രാസന ദേവാലയ നിർമ്മാണം സംബന്ധിച്ചു കമ്മിറ്റിക്കാരുടെ ഇടയിൽ വിതരണം ചെയ്ത കൂപ്പൺ കാര്യത്തെ സംബന്ധിച്ചു നാം എഴുതിയിരുന്നുവല്ലോ. അതിൽകൂടി പിരിഞ്ഞ സംഖ്യയും ബാക്കി കൂപ്പണും എത്രയുംവേഗം ശേഖരിച്ച് ഏൽപിക്കുകയും വേണം. ക്ഷേമത്തിനായി പ്രാർത്ഥിച്ചു ചുരുക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

ആകാശത്തിലുള്ള.......

സമിതികളുടെ സംയോജനങ്ങൾ

ദീർഘദൃഷ്ടിയോടു കൂടിയുള്ള ഈ പ്രവർത്തനങ്ങളുടെ ഫലമായി ഭരണപരമായ എല്ലാംതന്നെ ഒരു ക്രമീകരണത്തിലായി. രണ്ടു സുന്നഹദോസുകൾ ഒന്നായി. രണ്ടു മാനേജിംഗ് കമ്മിറ്റികളും. അതുപോലെതന്നെ ഉന്നത നിലവാരത്തിലുള്ള സംയോജനങ്ങൾ മറ്റു സമിതികളുടെ സംയോജനത്തിനു വേഗം വർദ്ധിപ്പിച്ചു. പാത്രിയർക്കീസു പക്ഷത്തെ വൈദിക സെമിനാരി പുത്തൻകുരിശിനു സമീപമുള്ള മലേൽകുരിശു ദയറായിലായിരുന്നു. അതു കോട്ടയത്തു വലിയ സെമിനാരിയിൽ അതിവേഗം ലയിച്ചുചേർന്നു. അവിടത്തെ മൽപാനായിരുന്ന കോരുതു കത്തനാരുടെ സേവനം കോട്ടയത്തു വേണമെന്നു നിർബന്ധമായി. വിദ്യാർത്ഥികളോടൊപ്പം വന്ദ്യനായ മൽപാനും സേവനം അവിടേയ്ക്കു മാറ്റി. പ്രശംസനീയമായ രീതിയിൽ ഇന്നും അതവിടെ തുടരുന്നു.

ഇരുഭാഗത്തുമുള്ള സണ്ടേസ്കൂൾ അസോസിയേഷൻ, മാർ ഗ്രീഗോ

റിയോസ് വിദ്യാർത്ഥിസംഘം, വനിതാസമാജം എന്നിവയൊക്കെ പരസ്പരം ലയിച്ചു. ഈ ലയനങ്ങൾ സഭാ സമാധാനത്തിന്റെ സത്ഫലങ്ങൾ പുറപ്പെടുവിക്കുവാൻ തുടങ്ങി. സ്ഥാപനങ്ങൾ വളരുന്നു. അവ തഴച്ചു വളരുന്നു. പുതിയ പ്രസ്ഥാനങ്ങൾ രൂപമെടുക്കുന്നു. ഓർത്തഡോക്സു സഭ ദേശീയമായും അന്തർദേശീയമായും കൂടുതൽ ശ്രദ്ധയാർജിച്ചു തുടങ്ങി.

അന്ത്യോഖ്യൻ മൂവ്മെന്റ്: അധികകാലം നീണ്ടുനിൽക്കുവാൻ സാധിക്കാത്തവിധം ആ നാളുകൾ അത്രയ്ക്കു സുന്ദരമായിരുന്നു. ആചന്ദ്രതാരം അതു നിലനിർത്തുമെന്നു പ്രഖ്യാപിച്ചവർ പോലും പിന്നീടുണ്ടായ താൽപര്യത്തിന്റെ പേരിൽ ആ താരത്തെ ചാരമാക്കിത്തീർക്കുവാൻ ഉൾപ്പണികളിൽ അകപ്പെട്ടു. അതിൽനിന്ന് ഉരുണ്ടുപുരണ്ടു വന്നതാണ് അന്ത്യോഖ്യൻ മൂവ്മെന്റ്. ഇത്രവേഗം ഇങ്ങനെയൊരു മൂവ്മെന്റ് ഉണ്ടാകുമെന്ന് ആരെങ്കിലും കരുതിയിരുന്നോ എന്നറിഞ്ഞുകൂടാ. സമാധാന സൗധത്തെ നശിപ്പിക്കുവാൻ ഉയർത്തിയ ആദ്യത്തെ തീക്കൊള്ളിയായിരുന്നു അത്. പക്ഷെ അത് ആഗ്രഹിച്ചതുപോലെ കത്തിജ്വലിച്ചില്ല – പുകഞ്ഞു കെട്ടുപോകുകയാണ് ചെയ്തത്. വടക്കുള്ളവരെ ഇളക്കിവിട്ടു കൈവിട്ടുപോയ പ്രതാപവും കള്ളമെന്ന് ഒരിക്കൽ സ്വയം പറയേണ്ടി വന്ന കാര്യങ്ങളും അന്ത്യോഖ്യയിൽ പൊതിഞ്ഞു വീണ്ടും ഇറക്കിയാൽ പിടിച്ചുനിൽക്കാമെന്ന് ഏതാനുംപേർ വ്യാമോഹിച്ചു. മോഹഭംഗക്കാർക്ക് അന്ന് അനുയായികളെ അധികം കിട്ടിയില്ല – തന്തയാണെങ്കിലും ഭ്രാന്തു പിടിച്ചാൽ ചങ്ങലയിൽ ഇടണമെന്ന് ഇതു സംബന്ധിച്ച് അന്നത്തെ ഒരു മെത്രാപ്പോലീത്തായെക്കുറിച്ച് ഇന്നത്തെ ഒരു അന്ത്യോഖ്യൻ മെത്രാൻ പറഞ്ഞതായി കേട്ടിട്ടുണ്ട്. കോട്ടയത്ത് ഒരു ഘോഷയാത്രയും ശീമയ്ക്കൊരു വിമാനയാത്രയുമായി അതവസാനിച്ചു.

ഇതുമൂലം ഇവിടത്തെ ഏതാനുംപേരെ അടുത്തറിയാൻ കഴിഞ്ഞു. പാത്രിയർക്കീസ് ബാവാ 1958-ലെ സമാധാന വ്യവസ്ഥകളിൽ നിന്നു 1961-ൽ പിന്മാറുന്നില്ലെന്നും വ്യക്തമായി.

ബാവാമാർ വടക്കൻ ഭദ്രാസനങ്ങളിൽ: മലങ്കരസഭയുടെ ക്ഷണം സദയം സ്വീകരിച്ച് അന്ത്യോഖ്യാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ ബാവാ തിരുമേനി കണ്ടനാട് ഇടവകയുടെ ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ കാതോലിക്കാ സ്ഥാനാരോഹണത്തിനു 1964 മെയ് 20-നു കേരളത്തിൽ എത്തിച്ചേർന്നു. മലങ്കരസഭയുടെ സ്വീകരണ സംഘാംഗങ്ങളോടൊപ്പം ബോംബെയിൽ നിന്നു കൊച്ചി വിമാനത്താവളത്തിൽ വന്നിറങ്ങിയ ബാവാ തിരുമേനിക്കും സംഘത്തിനും രാജോചിതമായ ഒരു സ്വീകരണമാണു നൽകിയത്. അതേ

രീതിയിൽത്തന്നെ അനേകം വാഹനങ്ങളുടെ ഘോഷയാത്രയോടെ കൊച്ചിയിൽ നിന്നു കോട്ടയത്തേയ്ക്ക് ആനയിച്ചു. കോട്ടയത്ത് ഒരു വൻ സ്വീകരണ സമ്മേളനവും കഴിഞ്ഞു ബാവായും സംഘവും മഞ്ഞനിക്കര ദയറായിൽ എത്തിച്ചേർന്നു. യാത്ര ചെയ്തു ക്ഷീണിച്ചു വന്ന ബാവാ തിരുമേനിക്ക് അന്നു സുഖനിദ്രയ്ക്ക് ഇടം കൊടുത്തില്ലായെന്നുള്ളത് കഠിനമായിപ്പോയി. ബാവാ വരുന്നതിനു മുമ്പെ തന്നെ അവിടെ ഏതാനും പേർ കൂടിയിരുന്നു. സഭാസമാധാനത്തിൽ അവർ അസംതൃപ്തരുമായിരുന്നു. പ്രഖ്യാപിച്ചിരുന്ന രീതിയിൽ കാതോലിക്കാ വാഴ്ച നടക്കരുതെന്നു താൽപര്യമുള്ളവരുമായിരുന്നു. അവർ പല കീറാമുട്ടികളും ബാവായുടെ തിരുമുമ്പിലേയ്ക്ക് ഇട്ടുകൊടുത്തു. മുമ്പു പല അവസരങ്ങളിൽ, അവസാന മുഹൂർത്തത്തിൽ സമാധാനാലോചനകൾ പൊട്ടിതകർന്നുപോയിട്ടുള്ളതുപോലെ കാതോലിക്കാ വാഴ്ചയും തകരുമോയെന്നു രംഗത്തു നിന്നു മാറി ഒരു തെങ്ങിൻചുവട്ടിൽ ആ രാത്രി കഴിച്ചുകൂട്ടിയ ഈ എഴുത്തുകാരനു സംശയം തോന്നാതിരുന്നില്ല. എന്നാൽ ഭയം അസ്ഥാനത്തായിരുന്നു. ബാവാ തിരുമേനിയുടെ സുദൃഢമായ നിലപാടു മാറ്റുവാൻ അവർക്കാർക്കും കഴിഞ്ഞില്ല.

നേരത്തെ നിശ്ചയിച്ചിരുന്നതുപോലെ തന്നെ മെയ് 22-ാം തീയതി വെള്ളിയാഴ്ച - സ്വർണ വെള്ളിയാഴ്ച - പ. പാത്രിയർക്കീസ് ബാവാ പ്രധാന കാർമികത്വം വഹിച്ചു. അന്നു ബസ്സേലിയോസ് ഔഗേൻ പ്രഥമൻ എന്ന നാമത്തിൽ ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ മലങ്കര സുന്നഹദോസിനാൽ പൗരസ്ത്യ കാതോലിക്കായായി ഉയർത്തപ്പെട്ടു. അതിനുശേഷം പ. പാത്രിയർക്കീസ് ബാവായും പ. കാതോലിക്കാ ബാവായും ഒരുമിച്ചു പല പള്ളികളും സ്ഥാപനങ്ങളും സന്ദർശിച്ചു. സഭാപിതാക്കന്മാരുടെ ഒരുമിച്ചുള്ള യാത്ര മക്കളെ പുളകം കൊള്ളിച്ചു. തിരുമേനിമാർ വടക്കൻ ഭദ്രാസനങ്ങളിലേയ്ക്കും എഴുന്നള്ളി. പ്രധാനപ്പെട്ട എല്ലാ പള്ളിക്കാരും തിരുമേനിമാരെ ക്ഷണിച്ചു വരുത്തി അനുഗ്രഹം പ്രാപിച്ചു. കുന്നംകുളത്തിനു മാത്രം ആ സൗഭാഗ്യം ലഭിച്ചില്ല. അവിടെ ഒരു കേസുണ്ടായിരുന്നു. ഇന്നും അതു തീർന്നിട്ടില്ല. സമാധാനകൽപന പരസ്പരം കൈമാറി മൂന്നു കൊല്ലം കഴിഞ്ഞ് 1961-ൽ ഫയൽ ചെയ്തതാണിത്. അന്ത്യോഖ്യാ പാത്രിയർക്കീസ് വാദിയും ഇടവക മെത്രാപ്പോലീത്താ പ്രതിയും. പാത്രിയർക്കീസ് ഇവിടെയുള്ളപ്പോൾ തന്നെ ആ കേസ് പറഞ്ഞവസാനിപ്പിക്കുന്നതു നല്ലതാണെന്ന് അപേക്ഷിച്ചുകൊണ്ടു കുന്നംകുളത്തുകാർ ബാവായെ സമീപിച്ചു. ഇതു സംബന്ധിച്ചുണ്ടായ ചർച്ചയിൽ 'കേസ് കോടതിയിലാണ്, അതു കോടതി നിശ്ചയിക്കട്ടെ'യെന്നു ബാവാ കൽപിച്ചത് അവരെ വേദനപ്പെടുത്തി. കേസ് നിലവിലുള്ളപ്പോൾ പ്രതി വാദിയെ സ്വീകരിക്കുന്നതു പ്രയാസമാകയാൽ

അവർ ബാവായെ ക്ഷണിക്കാതെ പോയതായിട്ടാണറിയുന്നത്.

കഴിഞ്ഞവർഷം കോടതി അതു നിശ്ചയിച്ചു. ഇടവക മെത്രാപ്പോലീത്തായ്ക്കു പൂർണമായും അനുകൂലമായിട്ടും. അപ്പീൽ ഹൈക്കോടതിയിൽ കിടക്കുന്നു.

പ. പാത്രിയർക്കീസ് ബാവായും പ. കാതോലിക്കാ ബാവായും ഒരുമിച്ചു വടക്കൻ ഭദ്രാസനങ്ങളിൽ നടത്തിയ സന്ദർശനം ചില സ്ഥലങ്ങളിലെങ്കിലും അവശേഷിച്ചിരുന്ന ശങ്ക തുടച്ചുകളയുകയും ഒത്തൊരുമിച്ചു മുന്നേറുവാൻ ഉത്തേജനം നൽകുകയും ചെയ്തു.

കോലഞ്ചേരിയിലെ മെത്രാൻ സ്ഥാനാഭിഷേകം

യോജിച്ച സഭയുടെ ഉത്സാഹത്തിന്റെയും ഉന്മേഷത്തിന്റെയും ഒരു പ്രകടനമായിരുന്നു 1966–ൽ കോലഞ്ചേരിയിൽ വച്ചു നടന്ന മെത്രാൻ സ്ഥാനാഭിഷേകം. മെത്രാൻ സ്ഥാനാർത്ഥികൾ മൂന്നുപേരും, വടക്കരും കൂടി തെരഞ്ഞെടുത്ത തെക്കരായിരുന്നു. എന്നാൽ തെക്കു – വടക്കു ചിന്താഗതി അവരാരെയും അന്നു ഭരിച്ചിരുന്നില്ല. തിരുമേനിമാർ മൂന്നു പേർക്കും മുൻപരിചയം വളരെ കാര്യമായിട്ടില്ലായിരുന്ന മെത്രാസനങ്ങളാണു ഭരിക്കുവാൻ കിട്ടിയത്. ജനങ്ങൾക്കും അധികം അടുത്ത പരിചയമില്ലാത്ത മൂന്നു പേരെയാണു ഭരണാധിപന്മാരായി ലഭിച്ചത്. യഥാർത്ഥത്തിൽ വടക്കൻ ഇടവകയെ തെക്കൻ തിരുമേനിമാർ വരിക്കുക തന്നെയാണുണ്ടായത്. വധൂവരന്മാരായിത്തീർന്നാൽ മുൻപരിചയക്കുറവിന്റെ പ്രശ്നമില്ലല്ലോ. ജീവിതം സമർപ്പണമായിത്തീർന്നില്ലേ? അഭിവന്ദ്യ തിരുമേനിമാർ ആരും തന്നെ തങ്ങളുടെ ഭദ്രാസനത്തിൽ വന്നുചേർന്നവരാണെന്നുള്ള ഒരു തോന്നൽപോലും വരാത്തവിധത്തിൽ അങ്കമാലിയും കൊച്ചിയും മലബാറും അവരോടു പെരുമാറി.

തങ്ങളെ മാലയിട്ടു സ്വീകരിച്ച ഭദ്രാസനങ്ങളെ അവർ ഇന്നുവരെയും തള്ളിപ്പറഞ്ഞിട്ടില്ല. മറിച്ചുള്ള അനുഭവങ്ങൾ ഉണ്ടായിട്ടുപോലും പൈതൃകമായ ക്ഷമാശീലത്തോടുകൂടി തങ്ങളെ ഒരിക്കലായി വിശ്വാസപൂർവ്വം ഭരമേൽപ്പിച്ച ഭദ്രാസനത്തെ ശുശ്രൂഷിച്ചു പോരുന്നു. എന്നാലും – ഭദ്രാസനത്തെ മുഴുവനും ബാധിക്കാത്തതാണെങ്കിൽ നിശ്ശബ്ദമായ ചില ചോദ്യങ്ങൾ ഇന്ന് ഉയർന്നു വരുന്നു. 'എന്നെ' വരിച്ചപ്പോഴുണ്ടായ 'നിന്റെ' ആദ്യ സ്നേഹം എവിടെപ്പോയി? തള്ളിപ്പറയുവാൻ 'നിന്നെ' മോഹിപ്പിച്ച സംഗതി എന്താണ്? അന്യന്റെ പിന്നാലെ പോയി വിശ്വാസവഞ്ചന കാണിക്കുന്നതു ന്യായമോ?

അന്ത്യോഖ്യയ്ക്ക് അപമാനം വരുത്തിയ കത്ത്

ആദ്യമാദ്യം ആരും അതു വിശ്വസിച്ചില്ല. തന്റെ പന്ത്രണ്ടു ശിഷ്യന്മാ

രിൽ ഒരാൾക്കു പൗരോഹിത്യമില്ലെന്ന് ഇരുപതു നൂറ്റാണ്ടുകൾക്കുശേഷം ഒരാൾ കണ്ടുപിടിച്ചേക്കാമെന്നു സർവതും അറിയാവുന്ന കർത്താവു പോലും അന്ന് അറിഞ്ഞുകാണുകയില്ല. പറഞ്ഞുകേട്ടവർക്കുണ്ടായതു പോലെ തന്നെ കൈയിലിരുന്ന കത്തു വായിച്ചപ്പോൾ കാതോലിക്കാ ബാവായും അമ്പരന്നു കാണും. തനിക്കുള്ളൊരു ദൈവികനൽവരം ശിഷ്യ ന്മാരിൽ ഒരുത്തനില്ലെന്നു പറഞ്ഞ പിതാവിന്റെ അധികാരമോഹത്തെ ക്കുറിച്ചു നമ്മൾ എന്തു പറയാനാ? കർത്താവു തന്നെ അദ്ദേഹത്തോടു ക്ഷമിക്കട്ടെയെന്നു പ്രാർത്ഥിക്കാം. എന്നാൽ ഈ ആക്ഷേപംകൊണ്ടു ആരെ അപമാനിക്കാൻ താൻ ആഗ്രഹിച്ചുവോ അതിനേക്കാൾ ഉപരിയായി അതിന്റെ ഉടയവൻ തന്നെ പ്രതിക്കൂട്ടിലായി. ഒരു ചരിത്രകാരനെന്ന നില യിലുള്ള അദ്ദേഹത്തിന്റെ പാണ്ഡിത്യം അദ്ദേഹത്തിന്റെ വേദശാസ്ത്രത്തെ വെല്ലുവിളിക്കുന്നു. റമ്പാനിലെ വിജ്ഞാനവും പാത്രിയർക്കീസിലെ അധി കാരമോഹവും തമ്മിലുള്ള കസർത്താണു കാണുന്നത്. പരിശോധി ച്ചാലും.

203-ാം നമ്പർ കത്ത്: പ്രസക്ത ഭാഗം

'അങ്ങയുടെ എഴുത്തിനു വളരെനാൾ മുമ്പു മാർത്തോമ്മായുടെ സിംഹാസനം എന്ന തലവാചകത്തിൽ എഴുതിയിട്ടുള്ളതായ ഒരു കത്തു നാം വായിച്ചു വളരെ അത്ഭുതപ്പെട്ടു. നാലാം നൂറ്റാണ്ടിൽ കാതോലിക്കാ സ്ഥാപനം ഉണ്ടായതു മുതൽ ഈ നാമം കാതോലിക്കാമാരിലോ മഫ്രി യാനാമാരിലോ ആരുംതന്നെ ഉപയോഗിച്ചിട്ടില്ല എന്നതാണു സത്യം. രണ്ടാ മതായി മാർത്തോമ്മായുടെ സിംഹാസനം എന്നു പറയത്തക്കവിധത്തിൽ മാർത്തോമ്മാ ഏതെങ്കിലും ഒരു സിംഹാസനം സ്ഥാപിച്ചിട്ടേയില്ല. യൂഹാ നോന്റെ ഏവൻഗേലിയോനിൽ നിന്ന് (20:21-24) വ്യക്തമാകുന്നപ്രകാരം അദ്ദേഹം ഒരു പുരോഹിതൻ ആയിട്ടില്ലായിരുന്നു. ഒരു പുരോഹിതൻ പോലും ആകാതിരിക്കെ എങ്ങനെ മഹാപുരോഹിതനായി? ഒരു മഹാ പുരോഹിതൻ അല്ലാതിരിക്കെ എങ്ങനെ സിംഹാസനം സ്ഥാപിച്ചു. എന്നാൽ അബ്ദൽ ആഹാദ് റമ്പാനായിരുന്ന കാലത്തു പ. പാത്രിയർ ക്കീസ് എഴുതിയ സുറിയാനി സഭാചരിത്രത്തിൽ പറയുന്നതു നോക്കുക.

അദ്ദേഹത്തിലെ ചരിത്രകാരൻ പഠിപ്പിക്കുന്നു: എ.ഡി. 28-ലെ വസന്തകാലത്തു മറ്റു ശിഷ്യന്മാരോടുകൂടി വി. തോമ്മാശ്ലീഹാ സ്ഥാന ത്തേയ്ക്കുയർത്തപ്പെട്ടു (പേജ് 159). 'മലങ്കരയിൽ സുവിശേഷവിത്തു വിതച്ച ശേഷം ഈ ബാലസഭയെ ഭരിപ്പാൻ ശങ്കരപുരി, പകലോമറ്റം, കള്ളി, കാളിയാങ്കൽ എന്നീ ക്രിസ്തുമാർഗം സ്വീകരിച്ച നാലു ബ്രാഹ്മ ണകുടുംബങ്ങളിൽ നിന്ന് അദ്ദേഹം സ്ഥാനം കൊടുത്തു പട്ടക്കാരെ ഏർപ്പെടുത്തി' (പേജ് 164).

പ്രമാണങ്ങളുടെ വ്യാഖ്യാനസ്വാതന്ത്ര്യം വായനക്കാർക്കു വിടുന്നു. വി. തോമാശ്ലീഹായുടെ പൗരോഹിത്യത്തെ നിഷേധിച്ചത് അദ്ദേഹം ആത്മാർത്ഥമായിട്ടാണെങ്കിൽ അദ്ദേഹവും അദ്ദേഹത്തിന്റെ അനുയായികളും ക്രിസ്തീയ സഭയ്ക്കു പുറത്താണ്.

ഈ കത്ത് വന്നപ്പോൾ അതിലെ ആക്ഷേപം ഉപേക്ഷ കൂടാതെ സഭയെ മുഴുവനായും അറിയിച്ച് അതിലെ ഉൾപ്പോരിനെക്കുറിച്ചു പഠിപ്പിച്ചിരുന്നെങ്കിൽ മലങ്കരസഭയുടെ മക്കൾ ഒരുമിച്ചുനിന്ന് അതിന്റെ ഉപജ്ഞാതാവിനെ അന്നേ പുറംതള്ളുമായിരുന്നു. തോമാശ്ലീഹായുടെ പൗരോഹിത്യം തള്ളിപ്പറഞ്ഞു – സ്ഥാനം വാങ്ങുന്നതിനു സ്വന്തപിതാവിനെ ഒറ്റികൊടുത്ത് ഇവിടെനിന്നു പോകാൻ ആളുണ്ടാവുമെന്ന് അന്നാരും വിചാരിച്ചു കാണുകയില്ല.

203–ഉം വടക്കൻ ഭദ്രാസനങ്ങളും

നമ്പർ കൊണ്ട് അറിയപ്പെടുന്ന പലതിനെപ്പോലെ ഈ കത്തും എളുപ്പത്തിൽ അറിയപ്പെടുന്നത് 203 എന്ന നമ്പറിലാണ്. പാത്രിയർക്കീസ് കക്ഷിയെ വെട്ടിമുറിച്ച ഒരു കൈവാളാണത്. മനുഷ്യർ എത്ര വലിയ സ്ഥാനിയാണെങ്കിലും അവനെ ആദരിക്കാനേ പാടുള്ളു; ദൈവത്തെ മാത്രമെ ആരാധിക്കാവൂ എന്ന കൽപന എല്ലാവർക്കും അറിയാം. എന്നാലും പ. പാത്രിയർക്കീസ് ബാവായെ ആരാധിക്കുന്നവരാണ് വടക്കർ. അങ്ങനെയെങ്കിൽ അവരിൽ കുറെപ്പേർ ഈ ആരാധനയിൽ നിന്ന് അകന്നതെന്തുകൊണ്ട്? ക്രിസ്തുവിൽ ഞങ്ങളെ ജനിപ്പിച്ച ശ്ലീഹായെ അദ്ദേഹം ആക്ഷേപിക്കാനിറങ്ങിയതാണു പ്രധാന കാരണം. അതു ചെയ്യാതിരുന്നെങ്കിൽ കടിച്ചുപിടിച്ചെങ്കിലും അകന്നുപോയവരിൽ അധികംപേരും അവിടെത്തന്നെ കാണുമായിരുന്നു. ആക്ഷേപിച്ചുവെന്നു മാത്രമല്ല, അതിലൊരു പിടിവാശിയും നിലനിർത്തിയിരുന്നു.

ഈ കത്തു വന്നതിനുശേഷം പാത്രിയർക്കീസ് ബാവായോട് അടുപ്പമുള്ളവരും മറ്റുവിധത്തിൽ ബാവാ പോലും ബഹുമാനിക്കുന്നവരുമായ പലരും അവിടേയ്ക്ക് എഴുതി. കണ്ടു സംസാരിച്ചു. താണു വീണ് അപേക്ഷിച്ചു. തിരുമേനി ഞങ്ങളെ രക്ഷിക്കാനെങ്കിലും ഒരു കാര്യം ചെയ്യണം. ആ കത്തു പിൻവലിക്കണമെന്നു പറയുന്നില്ല. ഞങ്ങളെ അപമാനിക്കാത്ത വിധത്തിൽ ഇന്നതാണ് തിരുമേനി ഉദ്ദേശിക്കുന്നത് എന്നു പറഞ്ഞു വ്യാഖ്യാനമെങ്കിലും തന്നാൽ മതി. ഞങ്ങൾ അതിൽ പിടിച്ചുനിന്നു കൊള്ളാം. തുടർച്ചയായ നിവേദനങ്ങളുമായി ഒന്നുരണ്ടു കൊല്ലം കാത്തു നിന്നു. ഒരു കക്ഷിയിലുംപെടാതെ ഒട്ടേറെപേർ മാറിനിന്നു. പാത്രിയർക്കീസ് ബാവായ്ക്ക് വളരെ വാത്സല്യവാനായ മലങ്കര മൽപാൻ കോനാട്ട് ഏബ്രഹാം കത്തനാർ വിനീതപൂർവ്വം ഒരു കത്തെഴുതി.

ബ. കോനാട്ട് മൽപാന്റെ കത്തിൽ നിന്ന്

"ഇപ്പോഴത്തെ ഈ ദുഃസ്ഥിതിക്കു പ്രധാന കാരണം തിരുമനസ്സിലെ 203/70-ാം നമ്പർ കൽപനയാണെന്നു ഞാൻ അറിയിക്കുന്നതു സദയം ക്ഷമിക്കണമെന്നപേക്ഷ. പ്രശാന്തമായ അന്തരീക്ഷത്തിൽ ആഞ്ഞടിച്ച ഒരു കൊടുങ്കാറ്റു പോലെയാണ് അതു ഞങ്ങൾക്ക് അനുഭവപ്പെട്ടത്. ... മലങ്കരസഭയുടെ സ്ഥാപകൻ മാർത്തോമ്മാശ്ലീഹായാണെന്നുള്ള വസ്തുത അവിതർക്കിതമാണല്ലോ. മലങ്കരസഭ ഏറ്റം വിലമതിക്കുന്ന ഈ പാരമ്പര്യത്തെ അനുസ്മരിച്ചു പൂർവികകാലം മുതൽ തന്നെ മലങ്കര മെത്രാപ്പോലീത്തായുടെ ആ സ്ഥാനം 'മാർതോമാ ശ്ലീഹായുടെ സിംഹാസനം' എന്നു പറഞ്ഞുവന്നിരുന്നു. ഈ വസ്തുതയ്ക്ക് അനിഷേധ്യമായ ധാരാളം തെളിവുകളും ഉണ്ട്. അങ്കമാലി ഭദ്രാസനത്തിലെ റാക്കാടു പള്ളിയുടെ മദ്ബഹായിൽ, ഈ നാട്ടുകാരനല്ല, യെറുശലേം പാത്രിയർക്കീസായിരുന്ന മാർ ഗ്രീഗോറിയോസ് എന്ന പ്രധാന വ്യക്തിയാൽത്തന്നെ എഴുതപ്പെട്ടിരുന്ന ലിഖിതം ആർക്കും എപ്പോഴും പരിശോധിക്കാവുന്ന രേഖയാണ്. തിരുമനസ്സുകൊണ്ട് ഈ നാട്ടിൽ താമസിച്ചിരുന്ന അവസരത്തിൽ അവിടുന്നു നേരിട്ടുതന്നെ ഇതു കണ്ടുകാണുമെന്നു ഞാൻ വിശ്വസിക്കുന്നു. 'മലങ്കര സിംഹാസനം', മാർതോമാശ്ലീഹായുടെ ഇടവക എന്നാദിയായ വിശേഷണപദങ്ങൾ ഈ മലങ്കരസഭയെക്കുറിച്ചു പല അന്ത്യോഖ്യാ പാത്രിയർക്കീസന്മാർ തന്നെ ഉപയോഗിച്ചിട്ടുള്ള പല രേഖകൾ ഈ ബലഹീനനായ എന്റെ കൈവശമുണ്ട്. ആ കാലങ്ങളിൽ അന്ത്യോഖ്യാ പാത്രിയർക്കീസന്മാർക്ക് അനിഷ്ടമല്ലാതിരുന്ന ഈ സ്ഥാനമാനങ്ങൾ ഇന്ന് അവിടത്തേയ്ക്ക് അതൃപ്തികരമായി തോന്നിയതു തികച്ചും ഖേദകരമെന്നല്ലാതെ എന്തു പറയട്ടെ. ..." ....

മറ്റൊരു വിവാദവിഷയത്തിലേയ്ക്കും മൽപാനച്ചൻ കടക്കുന്നു - ഇതേ കത്തിൽ

"മേൽപറഞ്ഞ കൽപനയെ തുടർന്നു സമാധാന സ്ഥാപനത്തിനു ശേഷം ഇന്നുവരെ ഉണ്ടായിട്ടില്ലാത്തവിധം തിരുമേനിയുടെ പ്രതിനിധിയായി ഒരു മെത്രാപ്പോലീത്തായേയും അയച്ചിരിക്കുകയാണല്ലോ. ....
ഇവിടെയുള്ള സിംഹാസനപ്പള്ളികൾ ഒരു പ്രതിനിധിയുടെ ഭരണത്തിൽ വേർതിരിഞ്ഞു നിൽക്കുന്നതു ഭരണപരമായി പല പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കുമെന്നും ആകയാൽ മഞ്ഞനിക്കര ദയറാ ഒഴികെ സിംഹാസനപ്പള്ളികളെല്ലാം അതതു ഭദ്രാസനങ്ങളിൽ ലയിക്കണമെന്നും ഞങ്ങൾ ആവശ്യപ്പെടുകയുണ്ടായല്ലോ. ആ സമയത്തു തിരുമേനി, പ്രത്യേകിച്ച് എന്റെ തോളിൽ സ്നേഹപൂർവ്വം കൈ വെച്ച് എന്നെ തലോടി വാത്സല്ലിച്ചുകൊണ്ട് ഇപ്രകാരം കൽപിക്കുകയുണ്ടായി. 'നിങ്ങൾ ഭയപ്പെടേണ്ട. ഇനി മേലിൽ

ഞങ്ങൾക്കു മലങ്കരയിൽ യാതൊരു ഭരണാധികാരവും ഉണ്ടായിരിക്കുന്നതല്ല. ഇനി അവിടെ പ്രതിനിധി ഉണ്ടായിരിക്കില്ല. മഞ്ഞനിക്കര ദയറാ പോലും ഞങ്ങൾക്കു വേണമെന്നില്ല. എന്നാൽ അതു ഞങ്ങളുടെ കൈവശം ഇരിക്കണമെന്നു നിങ്ങൾക്കു നിർബന്ധമാണെങ്കിൽ ഞങ്ങൾക്ക് അതിനു വിരോധമില്ലെന്നു മാത്രം. ശുശ്രൂഷക്കായി വല്ല ദയറാക്കാരെയും അയക്കാം.' തിരുമനസ്സിലെ ഈ വാക്കുകൾ ഇപ്പോൾ നടന്നതെന്ന നിലയിൽ എന്റെ ചെവികളിൽ ഇപ്പോഴും മുഴങ്ങുകയാണ്.

ആകയാൽ ഈ പാവപ്പെട്ട സഭയെ ഈ ദുഃസ്ഥിതിയിൽ നിന്ന് ഉദ്ധരിക്കത്തക്കവണ്ണം താഴെ പറയുന്ന രണ്ടു സംഗതികൾ അവിടുന്നു ദയവായി സ്വീകരിക്കണമെന്നു ഞാൻ താഴ്മയായി അപേക്ഷിക്കുന്നു.

1. ഞങ്ങൾക്ക് ആശ്വാസവും സന്തോഷവും നൽകി, ഇതര ക്രിസ്തീയ വകുപ്പുകളുടെയും വിജാതീയരുടെയും പരിഹാസത്തിൽ നിന്നു ഞങ്ങളെ ഉദ്ധരിക്കത്തക്ക നിലയിൽ മാർതോമാ ശ്ലീഹാ ഒരു പട്ടക്കാരൻ പോലുമായിരുന്നില്ല എന്ന തിരുമനസ്സിലെ വാദഗതിക്ക് ഒരു വിശദീകരണം നൽകി ഞങ്ങളെ അനുഗ്രഹിക്കുക.

2. പാത്രിയർക്കാ പ്രതിനിധിയെന്ന പേരിൽ ആരെയും ഇങ്ങോട്ട് അയയ്ക്കാതിരിക്കുക."

203-ാം നമ്പർ എന്നൊരു കൽപനയെ വന്നിട്ടില്ലായെന്നു പറയുന്നവർ ഇന്നുമുണ്ട്. എന്നാൽ 1973 ആഗസ്റ്റ് 16-നു അയച്ച ബ. മൽപാനച്ചന്റെ ഈ കത്തിന് അതിലെ വസ്തുതകൾ നിഷേധിച്ചു പോലും ഒരു മറുപടി വന്നിട്ടില്ല.

പക്വമതിയായ സന്യാസി പദവി മോഹിച്ചു പോകുന്നു

മുൻ പാത്രിയർക്കീസ് പക്ഷത്തു തന്നെയുണ്ടായിരുന്നവരാണു പൗലൂസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായും (യാക്കോബായ കാതോലിക്കാ), ഏബ്രഹാം മാർ ക്ലീമീസ് മെത്രാപ്പോലീത്തായും. അവർക്ക് മേൽപട്ടസ്ഥാനം നൽകിയത് അന്ത്യോഖ്യാ പാത്രിയർക്കീസുമാണ്. സ്ഥാനം പ്രാപിക്കുന്നതിനു, മുൻകാലത്തു പാത്രിയർക്കീസ് പക്ഷത്തിനും ഇവിടെ ചില നടപടികളൊക്കെ ഉണ്ടായിരുന്നു. നേരത്തെയുള്ള നോട്ടീസ് അനുസരിച്ചു പള്ളിപ്രതിപുരുഷയോഗം കൂടി മെത്രാൻ സ്ഥാനത്തേയ്ക്ക് ഒരാളെ തെരഞ്ഞെടുത്ത് അദ്ദേഹത്തെ മലങ്കര മെത്രാപ്പോലീത്താ പാത്രിയർക്കീസിന്റെ അടുക്കലേക്ക് അയയ്ക്കുകയും തെരഞ്ഞെടുപ്പ് നിശ്ചയപ്രകാരം ആ ഇടവകകൾക്ക് അദ്ദേഹത്തെ മെത്രാപ്പോലീത്തായായി വാഴിക്കുകയും ആ വിവരം മലങ്കര മെത്രാപ്പോലീത്തായെ അറിയിക്കുകയുമാണു നടപടിയും പാരമ്പര്യവും. എന്നാൽ ഇവയൊന്നും ഈയിടെയു

ണ്ടായ പട്ടംകൊടയിൽ കണ്ടില്ല.

വിദേശത്തുപോയി വില കൊടുത്ത് ഏതോ സാധനം വാങ്ങിച്ചു കൊണ്ടുപോരുന്ന പോലെയാണ് ഇവിടുന്നു കത്തും കാഴ്ചകളുമായി ച്ചെന്ന ആളുകളെ മേൽപട്ടസ്ഥാനം നൽകി ശീമയിൽ നിന്നും തിരിച്ചയ ച്ചത്. അതുകൊണ്ടാണ് അന്ത്യോഖ്യാ പാത്രിയർക്കീസു കൊടുത്തു വിട്ട താണെങ്കിലും സ്ഥാനം മേടിച്ചുവന്നവരെ സ്വീകരിക്കുവാൻ മുൻ പാത്രി യർക്കീസ് പക്ഷത്തിൽപെട്ടവരിൽ തന്നെ ഒരു വിഭാഗം ആളുകൾ വൈമുഖ്യം കാണിച്ചത്.

ഇവിടത്തെ കലങ്ങിയ അവസരം ഉപയോഗിച്ച് ആദ്യമായി മേൽപട്ട സ്ഥാനത്തിന് അക്കരയ്ക്കു പറന്നത് ബ. കടവിൽ പോൾ റമ്പാച്ചനാണ്. തത്വശാസ്ത്രത്തിൽ ഡോക്ടറേറ്റു നേടിയിട്ടുള്ള പണ്ഡിതനും ഭക്തനു മായ ഇദ്ദേഹം ആ ഭാഗത്തുള്ള ആരേക്കാളും മെത്രാൻ സ്ഥാനത്തിനർഹ നാണെന്നുള്ളതിൽ സംശയലേശമില്ലെങ്കിലും ചിരകാലാഭിലാഷ സാദ്ധ്യ തയ്ക്കു സൗകര്യംപോലെ ന്യായം കണ്ടുപിടിക്കാമെന്നു മറ്റു പലതിലും നിഷ്കർഷയുള്ള അദ്ദേഹം വിചാരിച്ചുപോയത് പല സുഹൃത്തുക്കളെയും ചില ശിഷ്യരെയും ഒരുപോലെ വേദനിപ്പിക്കുകയുണ്ടായി. പക്വമതിയെന്ന് അറിയപ്പെട്ടിരുന്ന ഒരു സന്യാസിക്കു പറ്റിയതായിരുന്നില്ല ഈ പ്രവൃത്തി.

ഓരോ കാലയളവിൽ മലങ്കര മുതൽ അന്ത്യോഖ്യാ വരെ സകല മേഖ ലകളും അദ്ദേഹത്തെ മെത്രാനാക്കുന്നതിൽ എതിർത്തിട്ടുള്ളതായിട്ടാണ റിവ്. പല തെരഞ്ഞെടുപ്പുകളിലും മെത്രാൻ സ്ഥാനാർത്ഥിയായി നിന്നി ട്ടുള്ള ഇദ്ദേഹം ഒരവസരത്തിൽ അതിൽ വിജയിച്ചിട്ടുള്ളതാണ്. അന്നൊക്കെ അത് എതിർത്തിട്ടുള്ളതു കാതോലിക്കാ കക്ഷിയല്ല. പാത്രി യർക്കീസും ആ വിഭാഗവുമായിരുന്നു.

1958-ലെ സമാധാന വ്യവസ്ഥകൾക്കു ശേഷം അന്ത്യോഖ്യാ പാത്രി യർക്കീസ് മലങ്കരസഭയിലെ ആർക്കും മേൽപട്ടസ്ഥാനം നൽകുകയി ല്ലെന്ന് ഉറച്ചിരുന്ന കാര്യം നമ്മെ അറിയിച്ചതു മറ്റാരുമല്ല; ബ. പോൾ റമ്പാച്ചൻ തന്നെയാണ്. അദ്ദേഹം പാത്രിയർക്കാ അരമനയിൽ വച്ച് ഈ കാര്യം ചോദിച്ചപ്പോൾ പാത്രിയർക്കീസ് പറഞ്ഞതായി അദ്ദേഹം പറ യുന്നു:

'ഇതിനിടയ്ക്കു പൗരസ്ത്യ സുവിശേഷ സമാജംകാർ അവർക്ക് ഒരു മെത്രാനെ പ. പാത്രിയർക്കീസ് ബാവാ വാഴിച്ചു കൊടുക്കണമെന്നു കാണിച്ച് ഒരു അപേക്ഷ അയച്ചിരുന്നതായി ഞാൻ അറിഞ്ഞു. ബാവാ മലങ്കരയിലെ കാതോലിക്കായെ സ്വീകരിച്ചു കഴിഞ്ഞ സ്ഥിതിക്ക് ഇനി അങ്ങനെയുള്ള കാര്യങ്ങൾ ഒന്നും ചെയ്യുകയില്ലെന്ന് എന്നോടു കൽ

പിച്ചു' (1963-ലെ ശീമയാത്ര, പേജ് 125, ഗ്രന്ഥകർത്താ: കടവിൽ പോൾ റമ്പാൻ).

എന്നാൽ തനിക്കു ലഭിച്ച മേൽപട്ടസ്ഥാനത്തെ മറ്റു ചിലരെപ്പോലെ ആക്ഷേപാർഹവും വില കുറഞ്ഞതുമായ വിലപേശലുകൾക്കായി ഉപയോഗിക്കുന്നില്ല എന്നുള്ളത് അദ്ദേഹത്തെക്കുറിച്ച് ആദരവോടെ പറയേണ്ടതായിട്ടുണ്ട്. ബ. പോൾ റമ്പാച്ചൻ, പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായെന്ന പേരിൽ പെരുമ്പാവൂരിൽ ഒരു അനാഥശാലയിൽ ശാന്തനായി മഹനീയ സേവനമനുഷ്ഠിച്ചു പോരുന്നു.

ഇന്നലെ വൈദികൻ, ഇന്നു മെത്രാൻ

കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിൽ സേവനമനുഷ്ഠിച്ചുകൊണ്ടിരുന്ന ബ. സി. എം. തോമസ് കത്തനാർ ഓർത്തഡോക്സ് സഭയോടു പുറമെ മമത പുലർത്തിക്കൊണ്ടിരുന്നു. ഒരു ദിവസം അപ്രതീക്ഷിതമായി അദ്ദേഹം അപ്രത്യക്ഷനായി. അന്വേഷിച്ചവർക്കറിയാൻ കഴിഞ്ഞത് അദ്ദേഹം ഒരാളുടെ കാറുമായി ഓമല്ലൂരെ കബറിങ്കൽ ധ്യാനമിരിക്കാൻ പോയതായിട്ടാണ്. എന്നാൽ പിന്നീടു പത്രവാർത്ത വന്നത് അദ്ദേഹം ഡമാസ്കസിൽ എത്തിയിരിക്കുന്നു എന്നാണ്. പെരുമ്പള്ളി ഇടവകപള്ളി വികാരിയായിരുന്ന ബ. പി. എം. ഗീവറുഗീസ് കത്തനാരും അദ്ദേഹത്തോടൊപ്പം അവിടെ എത്തിയിട്ടുണ്ടെന്നും അവർ ഇരുവരും മെത്രാന്മാരാകുവാനാണ് എത്തിയിരിക്കുന്നതെന്നും വാർത്തയിൽ സൂചനയുണ്ടായിരുന്നു. മെത്രാന്മാരാകാനാണെങ്കിൽ ഈ ഒളിച്ചോട്ടവും അവാസ്തവ പ്രസ്താവനയും ആവശ്യമായിരുന്നോ? പോൾ റമ്പാച്ചൻ പോയി വന്നതല്ലേ? പലരും പരസ്പരം ചോദിച്ചു.

ബ. തോമസ് കത്തനാർ, തോമസ് മാർ ദീവന്നാസ്യോസ് എന്ന പേരിലും ബ. ഗീവറുഗീസു കത്തനാർ, ഗീവറുഗീസ് മാർ ഗ്രിഗോറിയോസ് എന്ന നാമധേയത്തിലും ഒരു ദിവസം (1974 ഫെബ്രുവരി 17) പാതിരാത്രി കഴിഞ്ഞപ്പോൾ ഇവിടെ തിരിച്ചെത്തി. ആ രാത്രിയിൽത്തന്നെ യഥാക്രമം കോതമംഗലം വലിയപള്ളിയിലും പെരുമ്പള്ളിപള്ളിയിലും വാസമുറപ്പിച്ചു. ഒളിച്ചു പോക്കും അർദ്ധരാത്രിക്കു വരവും തങ്ങളുടെ പോക്കു - വരവു ശരിയായ മാർഗ്ഗത്തിലൂടെയല്ലായിരുന്നുവെന്ന് അവർക്കുതന്നെ ബോധ്യമായിട്ടുണ്ടെന്നു വെളിവാക്കുന്നു. 'കണ്ടുകൊണ്ടിരിക്കുന്നവരെ ഇടയ്ക്കു കാണുന്നില്ല. പിന്നെ കാണുമ്പോൾ മെത്രാന്മാർ' - ആളുകൾ അഭിപ്രായപ്പെടുവാൻ തുടങ്ങി.

ഈ നൂറ്റാണ്ടിൽ ഏറ്റവും എളുപ്പത്തിൽ കിട്ടുന്ന സ്ഥാനങ്ങളായിത്തീർന്നു പട്ടത്വവും മേൽപട്ടസ്ഥാനവും. പോക്കുവരവിനു സമയവും,

കണ്ടുകാഴ്ചകൾക്കുള്ള കഴിവുമുണ്ടെങ്കിൽ ആഗ്രഹിച്ചുപോയാൽ കിട്ടിപ്പോയതുതന്നെ മെത്രാൻസ്ഥാനം. വില കുറച്ചു ലഭിച്ചതുകൊണ്ടായിരിക്കണം വില കുറച്ചു കൊടുക്കുന്നതും.

ഭദ്രാസനമോ ഭരണമോ ഇല്ലാത്ത ഈ മേൽപട്ടക്കാർ പലർക്കും ആലോചന കൂടാതെ - യോഗ്യത നോക്കാതെ - പട്ടം കൊടുത്തു. തുടർന്നു പള്ളിക്കേസുകളും ഉണ്ടായി. സ്ഥാനമേറ്റു വന്നപ്പോൾ ഭരിക്കാനല്ല വിശ്വാസത്തിൽ ജനങ്ങളെ നിലനിറുത്താനാണു തങ്ങൾ മെത്രാന്മാരായത് എന്നു പ്രസ്താവിച്ചവരെക്കുറിച്ചു പിന്നീട് ഒരു ദിവസം കേട്ടത് അവർ ഇടവക മെത്രാപ്പോലീത്തന്മാരായിരിക്കുന്നുവെന്നാണ്. ദീവന്നാസ്യോസു മെത്രാൻ അങ്ങനെ അങ്കമാലി ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായും ഗ്രീഗോറിയോസ് മെത്രാൻ കൊച്ചി ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായും ഒരു വിഭാഗം ആളുകൾ വിളിക്കുവാൻ തുടങ്ങി. ഇടവക മെത്രാപ്പോലീത്തായെന്ന നിലയിൽ വികാരിമാരെ മാറ്റുവാനും നിയമിക്കുവാനും തുടങ്ങി. ചില ഇടവകകൾ പ്രതിഷേധിച്ചു. അപ്രകാരമുള്ള പ്രവർത്തനങ്ങളെ കോടതി നിരോധിച്ചു. കോടതി ഉത്തരവുകളെ ലംഘിച്ചു പ്രവർത്തിച്ചു തുടങ്ങി. വീണ്ടും തർക്കവും ലഹളയും ഓരോ ഇടവകയിലും വർദ്ധിക്കുവാൻ തുടങ്ങി. സിവിലും ക്രിമിനലുമായ നടപടിയിലേയ്ക്കു നീങ്ങി. ഒരു കാലത്തു കോടതികളിൽ സുലഭമായിരുന്ന പള്ളിക്കേസുകൾ വീണ്ടും ആ അവസ്ഥയിലേയ്ക്ക് എത്തി.

പിന്നീടു പുതുവേലിയിലെ സീതാർകുഴി കുടുംബാംഗമായ സി. എം. തോമസ് കത്തനാർ, തോമസ് മാർ ഒസ്താത്തിയോസ് എന്ന പേരിൽ മെത്രാനായി ഒരു രാത്രിയിൽ മൂവാറ്റുപുഴ അരമനയിൽ എത്തി താമസമായി.

ഈ പ്രാവശ്യം സഭയിൽ തർക്കവും കലഹവും പൊന്തിവന്നപ്പോൾ സഭയാകെ ശ്രദ്ധിച്ചതു കണ്ടനാടു ഭദ്രാസനാധിപൻ അഭിവന്ദ്യ പൗലൂസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായേയാണ്. സംശയാലുക്കളെ ലജ്ജിപ്പിച്ചുകൊണ്ട് കാതോലിക്കേറ്റിന്റെ കീഴിലുള്ള തന്റെ നിലപാട് ആവർത്തിച്ചാവർത്തിച്ച് അദ്ദേഹം പ്രസ്താവിച്ചുകൊണ്ടിരുന്നു. വളരെയേറെ പ്രകോപനങ്ങൾ ഉണ്ടായിട്ടും വിഘടിതർക്കു പരസ്യമായി പിടികൊടുക്കാതെ തടുത്തുനിന്നതിനെ പലരും പ്രശംസിക്കുവാൻ തന്നെ ഇടയായി.

എന്നാൽ ആഞ്ഞടിച്ചുകൊണ്ടിരുന്ന കാറ്റിന്റെ ഗതി തിരുമേനി വീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നുവെന്ന് പിന്നീട് ബോദ്ധ്യമായി. എതിർ വിഭാഗത്തിൽ കുറെയേറെ ആളുകളായി. അവർ നയിക്കുന്ന കുറെ വൈദികരും വന്നുചേർന്നു. അവർക്കു മെത്രാന്മാരുമായി കഴിഞ്ഞപ്പോൾ എല്ലാ

ത്തിന്റേയും മുമ്പിൽ സൗകര്യമായി നിലകൊള്ളുവാൻ തിരുമേനി നിശ്ച യിച്ചു. എറണാകുളത്തു നടന്ന വമ്പിച്ച പാത്രിയർക്കാദിനത്തിൽ അതു പ്രഖ്യാപിക്കുവാൻ സൗകര്യം കിട്ടി. പിന്നെ അധികം താമസിക്കേണ്ടി വന്നില്ല. തിരുമേനി ഡെമാസ്കസിലേയ്ക്കു പോയി. ഇടർച്ചയുടെ പൂർത്തീ കരണത്തിന് അവിടുന്നു 1975 സെപ്തംബർ 7-നു കാതോലിക്കാസ്ഥാനം പ്രാപിക്കുകയും ചെയ്തു. പിന്നീടു പള്ളികൈയേറ്റങ്ങൾ, ദിവ്യബലി തട സ്സപ്പെടുത്തൽ, വൈദിക മർദ്ദനങ്ങൾ, വ്യാജ ഫോട്ടോ പ്രസിദ്ധീകരണം, ചാപ്പൽ നിർമ്മാണം, വലമ്പൂർ പള്ളി കൈയേറ്റവും ഇറങ്ങിപ്പോക്കും, ബസ്സേലിയോസ് കോളജ് ലക്ചററായ ശമുവേലച്ചന്റെ മെത്രാനഭിഷേകം മുതലായവ നടന്നു.

ആലുവാ സെമിനാരിയിൽ നിന്നു വന്നതുപോലെ തിരിച്ചു പോയി

1976 ആഗസ്റ്റ് 21-നു അങ്കമാലി ഭദ്രാസനാധിപനായ ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ അദ്ദേഹത്തിന്റെ ആസ്ഥാനമായ തൃക്കുന്നത്തു സെമിനാരിയിൽ ആ ഭദ്രാസനത്തിലെ യുവാക്കന്മാരുടെ ഒരു യോഗം വിളിച്ചുകൂട്ടി. ഭദ്രാസനാടിസ്ഥാനത്തിൽ ഫാ. മത്തായി ഇട യനാൽ വൈസ്പ്രസിഡണ്ടായി രൂപംകൊണ്ടുവരുന്ന യുവജനപ്രസ്ഥാ നത്തിന്റെ ഉദ്ഘാടനവും അതിനോടനുബന്ധിച്ച സെമിനാറുമായിരുന്നു അന്നത്തെ പ്രോഗ്രാം. പ്രോഗ്രാമനുസരിച്ചു രാവിലെ പത്തു മണിക്കു സെമിനാരിപള്ളിയിൽ യോഗം ആരംഭിച്ചു. കണ്ടനാടു ഭദ്രാസനാധിപൻ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായായിരുന്നു ഉദ്ഘാട കൻ. കണ്ടനാടു ഭദ്രാസന സെക്രട്ടറി ഫാ. എം. വി. ഏബ്രഹാം പ്രാസം ഗികനും. കുറെ കഴിഞ്ഞപ്പോൾ കുറച്ചു സ്ത്രീകൾ വന്നുകൂടി. അതു യുവാക്കൾക്കു മാത്രമുള്ള യോഗമാണെന്നും യുവതികൾക്കോ മറ്റു സ്ത്രീകൾക്കോ അതിൽ പ്രവേശനമില്ലായെന്നും അറിയിച്ചിട്ടും ഏതെ ങ്കിലുംവിധത്തിൽ ആ സമ്മേളനം അലങ്കോലപ്പെടുത്തണമെന്ന നിർദ്ദേ ശത്തോടെ അയയ്ക്കപ്പെട്ടിരുന്ന ആ സ്ത്രീകൾ യോഗഭാരവാഹികളുടെ നിർദ്ദേശത്തെ വകവെയ്ക്കാതെ ധിക്കാരപൂർവ്വം അകത്തുകടന്ന് ഇരി ക്കുവാൻ ശ്രമിച്ചു. പിന്നീടു പോലീസിന്റെ ശാസന വന്നപ്പോൾ അവർ പിരിഞ്ഞുപോയി. എന്നാൽ ഉച്ചയോടടുത്തപ്പോൾ കോതമംഗലത്തുള്ള ദീവന്നാസ്യോസ് മെത്രാനും കൂട്ടരും ഒരു കാറിലും ഏതാനും വൈദിക രടക്കം കുറെ മദ്യപന്മാർ ഒരു പ്രത്യേക ബസ്സിലും സെമിനാരി മുറ്റത്തു വന്നെത്തി. ഇവർ പള്ളിയകത്തു കയറി, ബഹളമുണ്ടാക്കുമെന്നു കരുതി ഉടനെ പള്ളിയകത്തുണ്ടായിരുന്നവർ വാതിലടച്ചു. വന്നവർ പള്ളിവാതിൽ തുറക്കാൻ ശ്രമമായി. കാലുകൊണ്ടു ചവിട്ട്, കൈ കൊണ്ടു തള്ളൽ. കുറെപ്പേർ ജനാലയ്ക്കൽ ചെന്നുനിന്നുകൊണ്ട് അകത്തുള്ള മെത്രാപ്പോ

ലീത്താമാരേയും മറ്റുള്ളവരെയും തെരഞ്ഞെടുത്ത വാക്കുകൾ ഉപയോഗിച്ച് അസഭ്യം പറച്ചിൽ. പള്ളിമുറ്റത്തുള്ള മാവിൻതണലിൽ നിന്നുകൊണ്ട് ദീവന്നാസ്യോസു മെത്രാപ്പോലീത്താ ഇവയ്ക്കെല്ലാം നേതൃത്വം കൊടുക്കുന്നു. ഈ സമയത്താണ് ആ സമ്മേളനത്തിൽ ഉച്ചകഴിഞ്ഞ് ക്ലാസ്സെടുക്കുവാനുണ്ടായിരുന്ന ഈ ലേഖകൻ അവിടെ എത്തിയത്. ഇതിനെല്ലാം മൂകസാക്ഷ്യം വഹിച്ചുകൊണ്ട് ഏതാനും പോലീസുകാരും അവിടെ നിൽക്കുന്നുണ്ടായിരുന്നു. ഉച്ചകഴിഞ്ഞിട്ടും അകത്തുള്ളവർക്കു പുറത്തേയ്ക്കു വരുവാൻ നിർവാഹമില്ല. സെമിനാരിയിലുണ്ടായിരുന്ന ഒന്നു രണ്ട് അന്തേവാസികൾ ബുദ്ധിപൂർവ്വം പെരുമാറി എറണാകുളവും കോട്ടയവുമായി ബന്ധം പുലർത്തി. ഡി.ഐ.ജി. യെ വരെ സംഭവം അറിയിച്ചു. കൂടുതൽ പോലീസ് അധികാരികളും സ്ഥലത്തെത്തി. മൂന്നു മണിയോടുകൂടി കൈയേറ്റത്തിനു വന്ന മെത്രാനെയും കൂട്ടരെയും സെമിനാരി വളപ്പിൽ നിന്നു പുറത്താക്കി.

സെമിനാരി സംഭവത്തിൽ പ്രതിഷേധിക്കുവാനായി പൗരമുഖ്യരായ പലരുടെയും താൽപര്യമനുസരിച്ച് ഒരു യോഗം സെപ്തംബർ 5-ാം തീയതി ആലുവാ ഫ്രണ്ട്ഷിപ്പുഹാളിൽ ചേരുവാൻ നിശ്ചയിച്ചു. ഫ്രണ്ട്ഷിപ്പുഹാൾ റോമൻ കത്തോലിക്കാ സഭയിലെ ഒരു സമൂഹത്തിന്റെ വകയാണ്. സമ്മേളനങ്ങൾക്ക് ഈ ഹാൾ വാടകയ്ക്കു കൊടുക്കുന്ന പതിവുണ്ട്. സമ്മേളന ഭാരവാഹികൾ ഈ ഹാൾ ബുക്കു ചെയ്തു. ഈ സമ്മേളനത്തിന് എറണാകുളം റൂറൽ എസ്.പി. രേഖാമൂലമുള്ള അനുവാദവും പോലീസ് സംരക്ഷണവും വാഗ്ദാനം ചെയ്തിരുന്നു. മുൻ അനുഭവങ്ങളുടെ വെളിച്ചത്തിൽ മീറ്റിംഗിൽ സംബന്ധിക്കാനുള്ളവർക്കു പാസ്സു കൊടുക്കുകയായിരിക്കും നല്ലതെന്നു പോലീസ് നിർദ്ദേശിച്ചു. അതനുസരിച്ചു പാസ്സുകൾ കാലേകൂട്ടി വിതരണം ചെയ്തു. ഒരു വിധത്തിലുമുള്ള അലങ്കോലങ്ങളുമില്ലാതെ യോഗം നടത്തുവാനാണ് പൗരമുഖ്യർ ഈ യോഗം പള്ളി പരിസരത്തു നിന്ന് അകന്നു വാടകഹാളിലേക്കു മാറ്റിയത്. ആലുവാ മുനിസിപ്പൽ ചെയർമാൻ ശ്രീ. യു. ജി. തര്യൻ ഇതിൽ ഒരു പ്രാസംഗികനുമായിരുന്നു. എന്നാൽ യോഗത്തിൽ സംബന്ധിപ്പാനുള്ളവർ പാസ്സുമായി വന്നെത്തിയപ്പോൾ കണ്ടതു വിചിത്രമായ ഒരു കാഴ്ചയാണ്. കോതമംഗലം, പെരുമ്പാവൂർ, അങ്കമാലി മുതലായ സ്ഥലങ്ങളിൽ നിന്നു വന്നെത്തിയ അന്ത്യോഖ്യാ വിശ്വാസികളായ അഞ്ഞൂറോളം ആളുകളും എട്ടു പത്തു വൈദികരും ആ ഹാളിൽ നേരത്തെ കടന്നു ഇരിപ്പുറപ്പിച്ചിരുന്നു. യോഗത്തിനു ക്ഷണിച്ചു വന്നവർ പുറത്തും കൈയേറ്റക്കാർ അകത്തും.

ഒടുവിൽ കൈയേറ്റക്കാരെ ഇറക്കിവിട്ടു സമ്മേളനം നടത്തി. പിന്നീട് ബത്തേരി ബഹളവും പഴംതോട്ടം സമരം, നടക്കാതെപോയ കന്തീലാ പ്രഖ്യാപന ഭീഷണിയും കുറ്റിയാംചാലിൽ പൗലൂസ് കത്തനാർ, ഫാ. എം. വി. പൗലൂസ് കോതമംഗലം എന്നിവരുടെ മേലുള്ള ആക്രമണം,

പാമ്പാക്കുട മൽപാനച്ചനെ വലിച്ചിറക്കിയ സംഭവം, ഭവനത്തിൽ കയറി ജേക്കബ് മണ്ണാറപ്രായിലച്ചനേയും മഞ്ഞപ്ര അച്ചനേയും മർദ്ദിച്ചത്, പാതി രാത്രിയിൽ അങ്കമാലി ഭദ്രാസനാധിപനായ ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസിന്റെ കാർദഹനം, ചരിത്രം സൃഷ്ടിച്ച എറണാകുളം സമ്മേളനം, ഓനൻകുഞ്ഞിന്റെ രക്തസാക്ഷി മരണം, പൊതുതെരഞ്ഞെടുപ്പിൽ സഭയെ ദ്രോഹിച്ചവരുടെ തിരോധാനം എന്നിവയെല്ലാം ആധുനിക സംഭവങ്ങളാകയാൽ ഈ ചരിത്രത്തിൽ ഉൾപ്പെടുത്തുന്നില്ല.

(ഇരുപതാം നൂറ്റാണ്ടിലെ മലങ്കരസഭ, എഡിറ്റർ: കെ. വി. മാമ്മൻ)

